ശ്രീ. കെ. ടി. കുമാരൻ: മണ്ണെണ്ണ, ഡീസൽ, സിമൻറ് തുടങ്ങിയുള്ള സാധനങ്ങൾ കരിഞ്ചന്തയിൽ പോകുന്നത് തടയുന്നതിനായി ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറഞ്ഞു. മണ്ണെണ്ണ, സിമൻറ്, പെട്രോൾ തുടങ്ങിയ സാധനങ്ങളിൽ മായം ചേർക്കുന്നവരുടെമേൽ ഇന്നുള്ള നടപടിയെക്കാൾ കൂടുതൽ ശിക്ഷണനടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. ടി. എസ്. ജോൺ: അതിനുവേണ്ട നടപടി സ്വീകരിച്ചു വരികയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: മായം ചേർക്കലിനെതിരായി നടപടി സ്വീകരിക്കുന്നുണ്ടെന്ന് പറഞ്ഞു. റിഫൈനറികൾ കൊടുക്കുന്ന പെട്രോളിനെക്കാൾ എത്രയോ കൂടുതൽ പെട്രോൾ ഈ രാജ്യത്തെ വാഹനങ്ങൾക്കുവേണ്ടി വിതരണം ചെയ്യുന്നത് മണ്ണെണ്ണ അധികമായി ചേർക്കുന്നതു കൊണ്ടാണെന്ന് കണക്കെടുത്തുനോക്കിയാൽ കാണാൻ കഴിയുമെന്നാണ് റിഫൈനറിക്കാർ പറയുന്നത്. പെട്രോളിൽ മായംചേർത്ത് വലിയ വെട്ടിപ്പ് നടത്തുന്നതായുള്ള വാർത്ത പത്രത്തിൽ വന്നിട്ടുണ്ട്. ലോറികൾ തീ പിടിച്ചിട്ടുണ്ട്. ഇതിനെതിരായി കർശനമായ നടപടി സ്വീകരിച്ചിട്ടുണ്ടോ? ആരുടെയെല്ലാം പേരിൽ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി. എസ്. ജോൺ: മുപ്പത്തിമൂന്ന് കേസ്സിൽ നടപടി എടുത്തിട്ടുണ്ട്. ഇതിനെതിരായി കർശനമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

നിത്യോപയോഗ സാധനങ്ങളുടെ വില

*24 [26] ശ്രീ. പിണറായി വിജയൻ:

,, എൻ. വാസുദേവൻ പിള്ള:

,, എ. പി. കുര്യൻ:

,, ചടയൻ ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെവില ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വില വർദ്ധനവ് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) വില വർദ്ധിച്ചിട്ടുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) 1. പൊതുവിതരണ സമ്പ്രദായം വ്യാപകമാക്കുന്നതിൻെറ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മറ്റ് സംസ്ഥാനങ്ങളിൽനിന്നും നിത്യോപയോഗ സാധനങ്ങൾ മൊത്തമായി സംഭരിച്ച് കോർപ്പറേഷൻ നേരിട്ടു നടത്തുന്ന ചില്ലറ വിൽപന കേന്ദ്രങ്ങൾ വഴിയും അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് അനുവദിച്ചു കൊടുത്തി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ള കേരള സ്റ്റോറുകളും വഴിയും വിതരണം നടത്തിവരുന്നു. ഈ സംരംഭം പൊതുവിപണിയിൽ വിലനിലവാരം നിയന്ത്രിക്കുന്നതിന് സഹായകമാണെന്നു തെളിഞ്ഞിട്ടുണ്ട്. രാജ്യവ്യാപകമായി കൂടുതൽ കേരള സ്റ്റോറുകളും ആരംഭിക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നുണ്ട്.

2. പൊതുവിപണിയിലുള്ള വ്യാപാരികളും അവരുടെ കൈവശമുള്ള സ്റ്റോക്കുവിവരവും ഈടാക്കുന്ന വിലയും എഴുതിയ ബോർഡുകളും പ്രദർശിപ്പിക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനും വീഴ്ച വരുത്തുന്ന വ്യാപാരികളുടെമേൽ കർശന നടപടികളും സ്വീകരിക്കുന്നതിനും സിവിൽസപ്ലൈസിലെയും പോലീസ് വകുപ്പിലെയും ഉദ്യോഗസ്ഥൻമാർക്ക് വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുമുണ്ട്.

3. വ്യാപാരികളുടേയും, വാണിജ്യമണ്ഡലത്തിന്റേയും പ്രതിനിധികളുമായി ചർച്ച നടത്തി വ്യാപാരികളും അമിതവില ഈടാക്കുന്നതിൽനിന്ന് അവരെ പിൻതിരിപ്പിക്കുന്നതിനും കരിഞ്ചന്തക്കാരുടേയും പൂഴ്ത്തിവെപ്പുകാരുടേയുംമേൽ കർശനമായ നടപടികളും എടുക്കുന്നതിനും ജില്ലാകളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. പിണറായി വിജയൻ: ഈ നടപടികളുടെ ഫലമായി വില വർദ്ധനവ് നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: കുറെയൊക്കെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. പിണറായി വിജയൻ: വിലവർദ്ധനവ് എന്തു കാരണത്താലാണ് ഉണ്ടാകുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: വിലവർദ്ധനവ് കൂടുതലായി ഉണ്ടായത് കഴിഞ്ഞ കേന്ദ്രബഡ്ജറ്റിനു ശേഷമാണ്.

ശ്രീ. എൻ. വാസുദേവൻപിള്ള: വിലവർദ്ധനവ് തടയുന്നതിനു വേണ്ടി ഡിപ്പാർട്ടുമെന്റ് സ്റ്റോർ തുടങ്ങിയിട്ടുണ്ടെന്ന് പറഞ്ഞു. ഡിപ്പാർട്ടുമെന്റ് സ്റ്റോറിൽത്തന്നെ പല സാധനങ്ങൾക്കും ഓപ്പൺ മാർക്കറ്റിലുള്ള വിലയേക്കാളും കൂടുതൽവില ഈടാക്കുന്നുവെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: അങ്ങനെ ശ്രദ്ധയിൽപെട്ടിട്ടില്ല. ഓപ്പൺ മാർക്കറ്റിലെ വില കുറയ്ക്കുന്നതിനുവേണ്ടിയാണ് പൊതുവിതരണ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളത്.

ശ്രീ. എൻ. വാസുദേവൻപിള്ള: വില കുറയ്ക്കുന്നതിനു പകരം സാധാരണയുള്ളതിൽനിന്ന് ഇരുപത്തിയഞ്ചു ശതമാനം കൂട്ടിയാണ് ഡിപ്പാർട്ടുമെന്റുസ്റ്റോറിൽ സാധനങ്ങൾ വിൽക്കുന്നത്. അതു തടയുന്നതിനു വേണ്ടിയുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: ഡിപ്പാർട്ടുമെന്റ് സ്റ്റോറിൽ നിത്യോപയോഗ സാധനങ്ങളുടെവില ഓപ്പൺ മാർക്കറ്റിലുള്ളതിനെക്കാളും കുറവാണ്. കൂടുതലാണെന്നുള്ള യാതൊരു പരാതിയും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. കുര്യൻ: ബഹുമുഖ വിൽപനനികുതി നമ്മുടെ സംസ്ഥാനത്ത് സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിന് പ്രധാനപ്പെട്ട ഒരു ഘടകമാണെന്നു നികുതികളെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് നിയുക്തമായിട്ടുള്ള പല അന്വേഷണ കമ്മീഷനുകളുടേയും റിപ്പോർട്ടുകൾ വെളിപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് സിക്കിംപോന്മിൻറ് ടാക്സ് ഇടാക്കി വിലക്കയറ്റം തടയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സംസ്ഥാന ഗവൺമെൻറ് മുൻകൈ എടുക്കുമോ? 9 a. m.

ശ്രീ. ടി. എസ്. ജോൺ: അതേപ്പറ്റി കൂടുതലായി ആലോചിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. എ. പി. കുര്യൻ: ഹോട്ടലുകളിലേയും റെസ്റ്റോറൻറുകളിലേയും ചായയുടേയും കാപ്പിയുടേയും പലഹാരങ്ങളുടേയും വില നിയന്ത്രിക്കാൻ ഭക്ഷ്യമന്ത്രി ശ്രമിച്ചതായി കണ്ടു. പക്ഷേ അതുസംബന്ധമായി ഫലപ്രദമായ യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്നും ഹോട്ടലുകളിലെ പലഹാരങ്ങളുടെ വിലയിൽ യാതൊരു കുറവും വന്നിട്ടില്ലെന്നുമുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: വളരെ ശ്രമിച്ചു, അങ്ങനെ ശ്രമിച്ചതിൻെറ ഫലമായി വില വർദ്ധിപ്പിക്കാതിരിക്കാൻ സാധിച്ചു. വില വർദ്ധനവുണ്ടായ സാഹചര്യത്തിൽ ഹോട്ടലുകളിൽ വില വർദ്ധിക്കാതിരുന്നത് വലിയൊരു കാര്യമായാണ് ഗവൺമെൻറ് കരുതുന്നത്.

ശ്രീ. ചടയൻ ഗോവിന്ദൻ: പൊതുവിതരണത്തിനു വേണ്ടിയുള്ള സ്റ്റോറുകൾ എത്രയെണ്ണമാണ് കേരളത്തിൽ ആരംഭിച്ചിട്ടുള്ളത്? ഏതെല്ലാം ജില്ലകളിൽ എത്രവീതമാണെന്നു വ്യക്തമാക്കാമോ?

ശ്രീ. ടി. എസ്. ജോൺ: മൊത്തം നമ്മുടെ സംസ്ഥാനത്ത് 175 കേരള സ്റ്റോറുകൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ചടയൻ ഗോവിന്ദൻ: ഈ സ്റ്റോറുകൾ ആരംഭിക്കുമ്പോൾ അതിലുള്ള ജീവനക്കാരേയും വിൽപനക്കാരേയും നിശ്ചയിക്കുന്നത് എങ്ങനെയാണെന്നു വ്യക്തമാക്കാമോ?

ശ്രീ. ടി. എസ്. ജോൺ: എസ്.എസ്.എൽ.സി. വരെ പഠിച്ചിട്ടുള്ള തൊഴിലില്ലാത്ത ചെറുപ്പക്കാരെയാണ് അതിനുവേണ്ടി തിരഞ്ഞെടുക്കുന്നത്.

ശ്രീ. എം. വി. രാഘവൻ: വിലക്കയറ്റത്തിനു കാരണം സെൻട്രൽ ബഡ്ജറ്റാണെന്നു പറഞ്ഞു. സ്റ്റേറ്റു ബഡ്ജറ്റും അതിനു ഒരു കാരണമല്ലേ? അതിലും നികുതി കൂട്ടിയിട്ടില്ലേ? അതുപോലെതന്നെ റേഷൻ ഷാപ്പുകളിൽ നിന്നുപോലും അരി കൊടുക്കാത്ത സംസ്ഥാന ഗവൺമെൻറിൻെറ നയവും വിലക്കയറ്റത്തിന് ഇടയാക്കിയിട്ടില്ലേ? കണ്ണൂരിൽ കഴിഞ്ഞ മൂന്നു മാസമായി റേഷൻകടകൾ അടച്ചിട്ടിട്ട് അനങ്ങാപ്പാറ പോലെയിരിക്കുന്ന ഈ സർക്കാരല്ലേ വിലക്കയറ്റം കൂടുതൽ ഉണ്ടാക്കുന്നത്?

ശ്രീ. ടി. എസ്. ജോൺ: വിലക്കയറ്റം സംസ്ഥാന ബഡ്ജറ്റുമൂലമല്ല ഉണ്ടായിട്ടുള്ളത്. കേന്ദ്രഗവൺമെൻറിൻെറ ബഡ്ജറ്റിനു ശേഷമാണ് ഉണ്ടായിട്ടുള്ളത്. അരിയുടെ വില കഴിഞ്ഞ കാലഘട്ടത്തിൽ കാര്യമായി

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിച്ചിട്ടില്ലെന്ന വസ്തുത ഞാൻ ഓർമ്മിപ്പിക്കുകയാണ്. എഫ്.സി.ഐ.-യുടെ പ്രവർത്തനരാഹിത്യംമൂലം പല പ്രദേശങ്ങളിലും റേഷൻ അരി കൊടുക്കുന്നതിന് ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. അതു പരിഹരിക്കാൻ അടിയന്തിര നടപടികളും സ്വീകരിക്കണമെന്നു കേന്ദ്ര ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എൻ. പി. മൊയ്തീൻ: വിതരണ സമ്പ്രദായം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് കേരള സ്റ്റോറുകളും ആരംഭിക്കുന്ന കാര്യം പറഞ്ഞു. 175 സ്റ്റോറുകളാണ് കേരളത്തിൽ ഇതിനകം ആരംഭിച്ചിട്ടുള്ളത്. ബാക്കി എത്ര കേരള സ്റ്റോറുകളും ആരംഭിക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്? അതു ആരംഭിക്കുന്നതിനു സ്വീകരിക്കുന്ന മാനദണ്ഡമെന്താണ്? ഓരോ പഞ്ചായത്തിലും താലൂക്കിലും ജനങ്ങളുടെ ആവശ്യത്തിനനുസരിച്ച് ഇതിൻെറ എണ്ണം വർദ്ധിപ്പിക്കാൻവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: നമ്മുടെ സംസ്ഥാനത്തൊട്ടാകെ ഒരു പഞ്ചായത്തിൽ കുറഞ്ഞത് രണ്ടു കേരള സ്റ്റോറുകളെങ്കിലും ആരംഭിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. അതിൻെറ ആദ്യപടിയായി 15 താലൂക്കുകളും തിരഞ്ഞെടുക്കപ്പെടുകയും ആ താലൂക്കുകളിൽ രണ്ടു കേരള സ്റ്റോറുകളും ആരംഭിക്കണമെന്നുള്ള നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷാവസാനത്തോടുകൂടി 15 താലൂക്കുകളിലായി 500 കേരള സ്റ്റോറുകളും ആരംഭിക്കാൻ കഴിയുമെന്നാണ് ഗവൺമെൻറ് കരുതുന്നത്. 175 കേരള സ്റ്റോറുകളും നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. സി. വാമദേവൻ: പൂഴ്ത്തിവയ്പിനെതിരായും വിലവർദ്ധനവിനെതിരായും കർശനമായ നടപടികളും സ്വീകരിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. ഈ കഴിഞ്ഞ ആറേഴു മാസത്തിനിടക്ക് പൂഴ്ത്തിവച്ച എത്ര കച്ചവടക്കാർക്കെതിരായും അമിതമായി വില വർദ്ധിപ്പിച്ച എത്ര കച്ചവടക്കാർക്കെതിരായും എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. ടി. എസ്. ജോൺ: പ്രത്യേകം നോട്ടീസ് വേണം.

ശ്രീ. പി. ബി. ആർ. പിള്ള: നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് ഫലപ്രദമായി തടയുന്നതിനുള്ള നടപടിയെന്ന നിലക്ക് കേരള സ്റ്റോറുകളും ആരംഭിക്കുമെന്നു പറഞ്ഞു. അതുകൊണ്ടു മാത്രം ഈ വിലവർദ്ധനവ് തടയാൻ സാധിക്കുമോ? വിലവർദ്ധനവിൻെറ അടിസ്ഥാനപരമായ കാരണങ്ങളെപ്പറ്റി ഗവൺമെൻറ് ചിന്തിച്ചിട്ടുണ്ടോ? നമ്മുടെ രാജ്യത്തൊഴുകുന്ന കള്ളപ്പണത്തിൻെറ തോതു വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ വിലവർദ്ധനവ് തടയാൻ സാദ്ധ്യമല്ലെന്നുള്ള കാര്യം മനസ്സിലാക്കുന്നുണ്ടോ? ആ വക കാര്യങ്ങളിൽ ശാശ്വതമായ പരിഹാരം കാണുന്നതിനു വേണ്ടി കേന്ദ്രഗവൺമെൻറുമായി സംസാരിച്ചുകൊണ്ട് വിലവർദ്ധനവ് തടയുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: വിലവർദ്ധനവിൻെറ കാരണങ്ങളെപ്പറ്റി കേന്ദ്ര നേതാക്കൻമാർക്കുതന്നെ അഭിപ്രായവ്യത്യാസമുണ്ട്. നമ്മുടെ സംസ്ഥാന ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം വിലവർദ്ധനവ് തടയുന്നതിന് ചെയ്യാൻ കഴിയുന്ന പരമാവധി നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നു സഭയെ അറിയിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സേവ്യർ അറയ്ക്കൽ: വിലവർദ്ധനവ് തടയാൻ നടപടിയെടുത്തിട്ടുണ്ടെന്നു പറഞ്ഞു. പക്ഷേ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഒരു നടപടിയും പ്രായോഗികമായിത്തീർന്നിട്ടില്ലെന്ന വസ്തുത പരിഗണിച്ചുകൊണ്ട് അടിയന്തിരമായി വിലവർദ്ധനവ് തടയാൻ വേണ്ട നടപടി സ്വീകരിക്കുമോ? സംസ്ഥാന ബഡ്ജറ്റ് വന്നതിനുശേഷം വിറകിനു മുതൽ വിലവർദ്ധിച്ചിട്ടുണ്ടെന്നുള്ള കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? വിലകുറഞ്ഞ ഒരൊറ്റ ഐറ്റവും ഇല്ലെന്നുള്ള കാര്യം അറിയാമോ?

ശ്രീ. ടി. എസ്. ജോൺ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതൊന്നും ശരിയല്ല. നമ്മുടെ സംസ്ഥാന ബഡ്ജറ്റുമൂലം നമ്മുടെ സംസ്ഥാനത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവുണ്ടായിട്ടില്ല.

ശ്രീ. ഈ. ചന്ദ്രശേഖരൻ നായർ: കൺസ്യൂമർ ഐറ്റം ഏതു സോഴ്സിൽനിന്നു വാങ്ങണമെന്നുള്ളതിനെ സംബന്ധിച്ച് എന്തെങ്കിലും ഏർപ്പാട് ഉണ്ടാക്കിയിട്ടുണ്ടോ? മറ്റു പല സംസ്ഥാനങ്ങളിൽനിന്നും ഈ സാധനങ്ങൾ കമ്മീഷൻ ഏജൻസിയിൽനിന്നാണോ വാങ്ങുന്നത്? അതോ നേരിട്ട് ഉൽപാദകരിൽനിന്നും വാങ്ങിക്കാനുള്ള വല്ല സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: നമ്മുടെ സംസ്ഥാനത്തിലെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നാഷണൽ കൺസ്യൂമർ ഫെഡറേഷൻ മുതലായ കേന്ദ്ര ഏജൻസികളിൽനിന്നാണ് നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നത്. അതു വാങ്ങി മദ്ധ്യവർത്തികൂടാതെ കടകൾക്ക് കൊടുക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ: കേരള സ്റ്റോറുകളെ വിൽപന നികുതിയിൽനിന്നു ഒഴിവാക്കിയതുപോലെ കോവാപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറുകളേയും വിൽപനനികുതിയിൽനിന്നും ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: കേരള സ്റ്റോറുകളെ വിൽപനനികുതിയിൽനിന്നും ഒഴിവാക്കിയിട്ടില്ല.

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായ്: മഴയില്ലാത്തതുകൊണ്ട് കണ്ണൂരിലെ ഹോട്ടലുകളിൽ വില വർദ്ധിപ്പിച്ചു. മഴ അധികം ഉണ്ടായിട്ടും വില കുറഞ്ഞിട്ടില്ല. അതുകൊണ്ട് ഹോട്ടലുകളിലെ സാധനങ്ങളുടെ വില കുറയ്ക്കുന്നതിനുവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: വില വർദ്ധനവിനെതിരായി കഴിവുള്ള നടപടികളെല്ലാം സ്വീകരിച്ചിട്ടുണ്ട്. കണ്ണൂരിൽവേണ്ട ചർച്ചകൾ നടത്തി പ്രശ്നം പരിഹരിക്കുന്നതിന് ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്.

ശ്രീ. ആർ. എസ്. ഉണ്ണി: നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിനുവേണ്ടി കേന്ദ്രത്തിലെ കെയർടേക്കർ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ചില നടപടികൾ എടുത്തു എന്നും സംസ്ഥാനഗവൺമെന്റുകൾക്ക് നിർദ്ദേശം നൽകിയിരിക്കുന്നു എന്നും പത്രത്തിൽ വായിക്കുകയുണ്ടായി. അങ്ങനെ വല്ല നിർദ്ദേശവും ഇവിടെ കിട്ടിയിട്ടുണ്ടോ? ആ നടപടികളെ സംബന്ധിച്ച് കേരളത്തിൽ എന്തു

LIBRARY ARCHIVES Kerala Legislative Assembly

മാത്രം പ്രസക്തിയുണ്ട്? ആ നടപടികളും ഫലപ്രദമാണോ? ആ നടപടികളും സ്വീകരിക്കുന്നതിന് പ്രത്യേകമായ വല്ല സഹായവും കേന്ദ്രത്തിൽ നിന്നു ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: കേന്ദ്രഗവൺമെന്റ് ശക്തമായ നടപടികളും സ്വീകരിക്കുന്നു എന്നു പത്രത്തിൽ വാർത്ത കണ്ടു കൂടാതെ മുഖ്യമന്ത്രിമാരെ ഈ മാസാവസാനം ഡൽഹിയിൽ വിളിച്ചുകൂട്ടി അതേപ്പറ്റി ചർച്ച നടത്തുമെന്നും അറിയിച്ചിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഡിപ്പോകളിലെ സാധനങ്ങളുടെ ഗുണനിലവാരം

*25 [27] ശ്രീ. എൻ. പി. മൊയ്തീൻ:
,, കെ. പി. നൂറുദ്ദീൻ:
,, സിറിയക്ക് ജോൺ:
,, കെ. സുകുമാരനുണ്ണി;
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള ഡിപ്പോകളും മുഖാന്തിരം വിതരണം ചെയ്യുന്ന സാധനങ്ങളും ഗുണനിലവാരത്തിൽ മോശമാണെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തൽപരിഹാരാർത്ഥം എന്തു നടപടി സ്വീകരിച്ചു;

(സി) മെച്ചപ്പെട്ട സാധനങ്ങളും തന്നെ ഈ ഡിപ്പോകളിൽകൂടി വിതരണം ചെയ്യുവാൻ പ്രത്യേകം നിഷ്കർഷിക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പ്മന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) അടുത്തകാലത്തായി പൊതുവെ അങ്ങനെയുള്ള പരാതികളില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മെച്ചപ്പെട്ട സാധനങ്ങളും ഈ ഡിപ്പോകളിൽകൂടി ഇപ്പോളും വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്.

ശ്രീ. എൻ. പി. മൊയ്തീൻ: സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള ഡിപ്പോകളും മുഖാന്തിരം വിതരണം ചെയ്യുന്ന സാധനങ്ങളും ഗുണനിലവാരത്തിൽ മോശമാണെന്നു മാത്രമല്ല മായം ചേർക്കുന്നുമുണ്ട് എന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതെങ്കിലും ഡിപ്പോകളിൽനിന്ന് ഇങ്ങനെ മായം ചേർത്ത സാധനങ്ങളും പിടിച്ചെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിച്ച നടപടികളും എന്തൊക്കെയാണ്?

ശ്രീ. ടി. എസ്. ജോൺ: അടുത്തകാലത്തായി അങ്ങനെയുള്ള പരാതികളൊന്നും ഉണ്ടായിട്ടില്ല. അങ്ങനെ പരാതി ഉണ്ടായാൽ ഉടൻതന്നെ വേണ്ട നടപടി സ്വീകരിക്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly